**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1459** **19-06-2024 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാലയത്തിലേക്ക് പ്രവേശനം നേടുന്ന കുട്ടികളുടെ എണ്ണം.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | 2024-25 അധ്യായന വർഷത്തിൽ സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ ഒന്നാം ക്ലാസിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം എത്രയാണെന്ന് വിശദമാക്കാമോ; | (എ) | 2024-25 അധ്യയന വർഷത്തിൽ സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ (ഗവ. & എയിഡഡ്) ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം 2,50,986 ആണ്. |
| (ബി) | 2024-25 അധ്യായന വർഷത്തിൽ രണ്ട് മുതൽ പത്ത് വരെയുള്ള ക്ലാസുകളിൽ മറ്റ് സ്കീമുകളിൽ (സി.ബി.എസ്.സി./ഐ.സി.എസ്.സി.) നിന്ന് പൊതുവിദ്യാലയങ്ങളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണം ലഭ്യമാക്കാമോ; | (ബി) | 2024-25 അധ്യയന വർഷത്തിൽ രണ്ട് മുതൽ പത്ത് വരെയുള്ള ക്ലാസ്സുകളിൽ മറ്റ് സിലബസുകളിൽ നിന്ന് പൊതുവിദ്യാലയങ്ങളിൽ (ഗവ. & എയിഡഡ്) പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണം 34,554 ആണ്. |
| (സി) | 2023-24 അധ്യയനവർഷത്തിൽ പൊതുവിദ്യാലയങ്ങളിൽ ഒന്നാം ക്ലാസിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണത്തിൽ നിന്ന് 2024-25 അധ്യയനവർഷം എത്ര കുറവ് വന്നിട്ടുണ്ടെന്ന് വിശദമാക്കാമോ; | (സി) | 2023-24 അധ്യയന വർഷത്തിൽ പൊതുവിദ്യാലയങ്ങളിൽ (ഗവ. & എയിഡഡ്) ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണത്തിൽ നിന്ന് 2024-25 അധ്യയന വർഷം 7163 കുട്ടികളുടെ കുറവ് ഉണ്ടായി. |
| (ഡി) | പൊതുവിദ്യാലയങ്ങളിൽ അല്ലാതെ മറ്റ് സ്കീമുകളിൽ ഒന്നാം ക്ലാസിലും മറ്റു ക്ലാസുകളിലും പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ വിവരം ശേഖരിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ടോയെന്ന് വിശദമാക്കാമോ; | (ഡി) | പൊതുവിദ്യാലയങ്ങളിൽ അല്ലാതെ മറ്റ് സ്കീമുകളിൽ ഒന്നാം ക്ലാസ്സിലും മറ്റ് ക്ലാസ്സുകളിലും പ്രവേശനം നേടുന്ന വിദ്യാർത്ഥിക ളുടെ വിവരം ശേഖരിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. എസ്.എസ്.കെ മുഖാന്തിരം UDISE ൽ കുട്ടികളുടെ വിവരങ്ങൾ ശേഖരിക്കുന്നു. കൂടാതെ പൊതു വിദ്യാഭ്യാസ വകുപ്പിലെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം സ്കൂളുകളിൽ നിന്നും നേരിട്ട് വിദ്യാർത്ഥികളുടെ വിവരം ശേഖരി ക്കുന്നു. |
| (ഇ) | എങ്കിൽ കഴിഞ്ഞ അധ്യയനവർഷവും ഈ അധ്യയനവർഷവും പൊതുവിദ്യാലയങ്ങളിൽ അല്ലാത്ത മറ്റു സ്കീമുകളിലെ വിദ്യാലയങ്ങളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ കണക്ക് ലഭ്യമാക്കാമോ? | (ഇ) | സ്കൂളുകളിൽ നിന്ന് നേരിട്ട് വിവരങ്ങൾ ശേഖരിച്ചാണ് പൊതുവിദ്യാഭ്യാസ വകുപ്പ് മറ്റ് സ്കീമുകളിലെ സ്കൂളുകളുടെ റിപ്പോർട്ടുകൾ തയ്യാറാക്കുന്നത്. ഈ അധ്യയന വർഷത്തെ മറ്റ് സ്കീമുകളിലുള്ള വിദ്യാർത്ഥികളുടെ കണക്ക് ശേഖരിച്ചു വരുന്നതേയുള്ളു. കഴിഞ്ഞ അധ്യയന വർഷം (2023-24) മറ്റു സ്കീമുകളിലെ വിദ്യാലയങ്ങളിൽ പ്രവേശനം നേടിയ ഒന്നു മുതൽ പത്ത് വരെയുള്ള ക്ലാസ്സുകളിലെ |

| | | | |
|---|---|---|---|
| | | | വിദ്യാർത്ഥികളുടെ കണക്ക് (പ്രൊവിഷണൽ) ചുവടെ ചേർക്കുന്നു<br><br>സ്കൂളുകളുടെ തരം വിദ്യാർത്ഥികളുടെ എണ്ണം<br><br>ജെ എൻ വി 5283<br><br>കെ വി 46205<br><br>ഐ സി എസ് ഇ 108538<br><br>സി ബി എസ് ഇ 799316<br><br>ആകെ 959342 |

സെക്ഷൻ ഓഫീസർ